# കേരളസർവകലാശാല

നം.പി.ആർ.220/2022

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

കേരളസർവകലാശാല 2022 ഒക്ടോബർ 20 മുതൽ 31 വരെ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്./സി.ആർ.–സി.ബി.സി.എസ്.എസ്. മൂല്യനിർണയ ക്യാമ്പ് നടത്താൻ നിശ്ചയിച്ചിരിക്കുന്നതിനാൽ, ഈ ദിവസങ്ങളിൽ അഫിലിയേറ്റഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലും യു.ഐ.റ്റി. സെന്ററുകളിലും നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും (ബി.എ./ബി.എസ്സി./ബി.കോം./ബി.ബി.എ./ബി.പി.എ./ബി.സി.എ./എം.എ./എം.എസ്സി./എം.കോം./എം.എൽ.ഐ.എസ്സി.) (റെഗുലർ/എസ്.ഡി.ഇ./ആന്വൽ/പ്രൈവറ്റ് സ്റ്റഡി/മേഴ്സിചാൻസ്) മാറ്റിവെച്ചിരിക്കുന്നു.

കേരളസർവകലാശാല 2022 ഒക്ടോബർ 20 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ ബി.എഡ്. ഡിഗ്രി ഓൺലൈൻ പരീക്ഷ (റെഗുലർ/സപ്ലിമെന്ററി), ഒക്ടോബർ 2022 (2015 & 2019 സ്കീം) മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 29 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 മെയിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്സി. ബോട്ടണി & ബയോടെക്നോളജി, ബി.എസ്സി. ബയോടെക്നോളജി (മൾട്ടിമേജർ), ബി.എസ്സി. ബയോകെമിസ്ട്രി & ഇൻഡസ്ട്രിയൽ മൈക്രോബയോളജി (സപ്ലിമെന്ററി – 2016 അഡ്മിഷൻ, മേഴ്സിചാൻസ് – 2015 അഡ്മിഷൻ) കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും നവംബർ 4 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാത്തീയതി

കേരളസർവകലാശാല 2022 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.വോക്. ഫുഡ് പ്രോസസിംഗ് (359), ബി.വോക്. ഫുഡ് പ്രോസസിംഗ് ആന്റ് മാനേജ്മെന്റ് (356) കോഴ്സുകളുടെ പരീക്ഷകൾ 2022 നവംബർ 2 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാ വിജ്ഞാപനം

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബി.എ./ബി.എസ്സി./ബി.കോം. (ന്യൂജനറേഷൻ ഡബിൾ മെയിൻ പ്രോഗ്രാമുകൾ), നവംബർ 2022 (2020 അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# <u>പി.എച്ച്ഡി. എൻട്രൻസ് – തീയതി നീട്ടി</u>

വിദ്യാർത്ഥികളുടെ നിരന്തരമായുള്ള അപേക്ഷയെ തുടർന്ന് പി.എച്ച്ഡി. എൻട്രൻസ് പരീക്ഷ 2022 ന് അപേക്ഷിക്കാനുള്ള കാലാവധി 2022 ഒക്ടോബർ 22 വരെ നീട്ടിയിരിക്കുന്നു. 2022 ഒക്ടോബർ 19 മുതൽ 22 വരെ റിസർച്ച് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക.

തിരുവനന്തപുരം,
19.10.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**